**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 4** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശമേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ — തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ശ്രീ. സജി ചെറിയാൻ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. ടി. എം. ശശി

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവനരഹിതരുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന രഹിതരുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

**(i) ലൈഫ് പദ്ധതി**

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 15.06.2026 വരെ 6,09,514 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,02,401 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെയും പാർട്ട്ണർഷിപ്പിലൂടെ നിർമ്മാണം ആരംഭിച്ച 3 ഭവനസമുച്ചയങ്ങളിൽ 2 ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 15.06.2026 വരെ 2984.464 സെന്റ് (29.84 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

ലൈഫ്-കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം മുഖേന 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി. മേൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 509 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവന രഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318എ -യുടെ ആഭിമുഖ്യത്തിൽ നൽകുന്ന വീടുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു.

**(ii)പി.എം.എ.വൈ(നഗരം)**

പി.എം.എ.വൈ(നഗരം) പദ്ധതിയുടെ ഭാഗമായി 1,01,437 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഭൂരഹിത ഭവന രഹിതർക്ക് പാർപ്പിടസമുച്ചയം നിർമ്മിക്കുന്നതിനുള്ള അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് ഘടകത്തിൽ ഉൾപ്പെടുത്തി 11 പാർപ്പിട സമുച്ചയങ്ങളിലായി 970 കുടുംബങ്ങൾക്ക് ഭവന യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും 530 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

**(iii). പി.എം.എ.വൈ(ഗ്രാമിൺ)**

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 34,265 വീടുകൾ പൂർത്തീകരിച്ചു.

PM-JANMAN പദ്ധതിയുടെ ഭാഗമായി അനുവദിച്ച 1,282 വീടുകളിൽ 63 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

മേൽ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധം(I) ആയി ചേർക്കുന്നു.

**(ബി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം (Infrastructure Development) ഉറപ്പാക്കുന്നതിനായി പൊതു ആസ്തികളായ റോഡുകൾ, ജലസ്രോതസ്സുകൾ, ആധുനിക മാർക്കറ്റുകൾ, അറവുശാലകൾ, ഗ്യാസ് ക്രിമെറ്റോറിയങ്ങൾ, ആധുനിക ഓഫീസ് കെട്ടിടങ്ങൾ, കെ-സ്മാർട്ടിലൂടെ ലഭിക്കുന്ന അടിസ്ഥാന സൗകര്യവികസന വിവര ശേഖരണ സംവിധാനം, മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യ പദ്ധതികൾ, കുടിവെള്ള വിതരണ സംവിധാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, നിരവധി ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവ സർക്കാർ നടപ്പിലാക്കി. വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു.

**(സി)** നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും സേവനനിലവാരം മെച്ചപ്പെടുത്താനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നഗര തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനും, പൗരന്മാർക്ക് സേവനങ്ങൾ വേഗത്തിലും സുതാര്യമാക്കുന്നതിനുമായി കേരള സൊല്യൂഷൻ ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ (K-SMART) നടപ്പിലാക്കി.

വിശദവിവരം അനുബന്ധം(3) ആയി ചേർക്കുന്നു.

**(ഡി)** മുൻ സർക്കാരിന്റെ കാലയളവിൽ തദ്ദേശമേഖലയിലെ നേട്ടങ്ങൾക്ക് ദേശീയ തലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കുടുംബശ്രീ നാഷണൽ അവാർഡ്, കേരളത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാഷനൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അവാർഡ്, നിർമൽ പുരസ്കാരം, ദീനദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരണ് പുരസ്കാരം, GPDP അവാർഡ്, തുടങ്ങിയ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. തദ്ദേശ മേഖലയി ലെ നേട്ടങ്ങൾക്ക് കേരളത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാശംങ്ങൾ അനുബന്ധം (4) ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം (1)**

i) ലൈഫ് പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിവിധ കേന്ദ്ര/സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി കരാറിലേർപ്പെട്ട് നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന 54,116 വീടുകൾ പൂർത്തീകരിക്കാത്തതായി കണ്ടെത്തുകയും ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി നൽകിയതിൻ പ്രകാരം 52,680 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് ഭവനപദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കുവാനുള്ള നടപടികൾ 2017-18-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചു. അതിൻപ്രകാരം ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള മതിയായ രേഖകളുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവരും CRZ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടി ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

2019-ൽ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ടി വിഭാഗത്തിൽപ്പെട്ട ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി സർക്കാർ നിർദ്ദേശ പ്രകാരം ലൈഫ് മിഷന് കൈമാറുകയുണ്ടായി. 2017-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ടി കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെന്ന് സർക്കാർ കണ്ടെത്തുകയും ലൈഫ് അർഹതാ മാനദണ്ഡപ്രകാരം പരിശോധിച്ച് പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് അഡീഷണൽ ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനം ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിക്കുകയും ചെയ്തു.

മാത്രവുമല്ല ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചു. ഈ അപേക്ഷകൾ ലൈഫ് മാനദണ്ഡപ്രകാരം പരിശോധനയും പുന:പരിശോധനയും ഗ്രാമസഭ/വാർഡ്സഭ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ അന്തിമമാക്കുകയുണ്ടായി. ഇപ്രകാരം തയ്യാറാക്കിയ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ഇപ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 15.06.2026 വരെ 6,09,514 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,02,401 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

കൂടാതെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന ഒരു ഭവനസമുച്ചയം വിലയ്ക്ക് വാങ്ങുകയുണ്ടായി. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെയും പാർട്ട്ണർഷിപ്പിലൂടെ നിർമ്മാണം ആരംഭിച്ച 3 ഭവനസമുച്ചയങ്ങളിൽ 2 ഭവനസമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതോടൊപ്പം ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പാർട്ട്ണർഷിപ്പ്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ 1 1 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം കൂടി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 1 8 ഭവനസമുച്ചയങ്ങൾ ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. അതിൻ പ്രകാരം 15.06.2026 വരെ 2984.464 സെന്റ് (29.84 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത ഈ പദ്ധതിയിലൂടെ നിരവധി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുവാൻ സാധിച്ചു.

ഈ ക്യാമ്പയിന്റെ ഭാഗമാകുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000

ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻ പ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർ ന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 509 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 1 0 0 ഭവനരഹിതർക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച MoU-ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ, ചെമ്മരുതി എന്നീ ഗ്രാമപഞ്ചായത്തുകളും പരവൂർ നഗരസഭയും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**ii). പി.എം.എ.വൈ.(നഗരം)**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും, നഗരസഭകളുടേയും സംയു ക്താഭിമുഖ്യത്തിൽ എല്ലാ നഗരസ ഭകളിലും കുടുംബശ്രീ മുഖേന (നോഡൽ ഏജൻസി) ഭവന രഹിതർക്കായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പി.എം.എ.വൈ (നഗരം). പദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണഘടകത്തിൽ ഉൾപ്പെടുത്തി 1,27048 വീടുകൾക്ക് അംഗീകാരം നേടുകയും ആയതിൽ 1,01437 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഭൂരഹിത ഭവന രഹിതർക്ക് പാർപ്പിടസമുച്ചയം നിർമ്മിക്കുന്നതിനുള്ള അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് ഘടകത്തിൽ ഉൾപ്പെടുത്തി 11 പാർപ്പിട സമുച്ചയങ്ങളിലായി 970 കുടുംബങ്ങൾക്ക് ഭവന യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും 530 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

**iii). പി.എം.എ.വൈ(ഗ്രാമിൺ)**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഭവനപദ്ധതിയാണ് പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) (PMAY-G) പദ്ധതി. അന്ന് നിലവിലുണ്ടായിരുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് സഹായം അനുവദിച്ചിരുന്നത്. 2021-22 ൽ രാജ്യ വ്യാപകമായി ഭവന രഹിത ഗുണഭോക്താക്കളുടെ സർവ്വേ നടത്തുകയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന അർഹത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രാമസഭയുടെ അനുമതിക്ക് വിധേയമായി System Developed Permanent Waiting List തയ്യാറാക്കുകയും ടി ലിസ്റ്റിലെ അർഹതക്കനുസരിച്ച് ആവാസ് സോഫ്റ്റ് എന്ന വെബ് പോർട്ടലിലൂടെ 2021-22 സാമ്പത്തിക വർഷം മുതൽ വീടുകൾ അനുവദിച്ച് തുടങ്ങുകയും ചെയ്തു. പദ്ധതി പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|---|
| 2016-17 | 16434 | 16185 |
| 2017-18 | 5600 | 5543 |
| 2021-22 | 13069 | 12537 |
| ആകെ | 35103 | 34265 |

ആവാസ് പ്ലസ് ലിസ്റ്റിൽ ബാക്കി നിൽക്കുന്ന ഗുണഭോക്താക്കൾക്കെല്ലാം വീട് അനുവദിച്ച് ലിസ്റ്റ് പൂരിതമാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 1,94697 ഭൗതിക ലക്ഷ്യം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പദ്ധതി പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|---|
| 2024-25 | 49,124 | 5026 |

PMAY-G പദ്ധതിയുടെ കുടക്കീഴിൽ Particularly Vulnerable Tribal Groups ൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി.എം. ജൻമൻ.

2023 ഡിസംബറിലാണ് പദ്ധതി ആവിഷ്കരിച്ചത്. കേരളത്തിലെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ് എന്നീ 6 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. PM-JANMAN പദ്ധതിക്കായി 1814 വീടുകളുടെ ഭൗതികലക്ഷ്യമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി പുരോഗതി ചുവടെ ചേർക്കുന്നു.

| അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|
| 1282 | 63 |

<u>അനുബന്ധം (2)</u>

1. <u>ഇംപാക്ട് കേരള (IMPACT Kerala)</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച നോഡൽ ഏജൻസിയാണ് ഇംപാക്ട് കേരള. കിഫ്ബിയുടെ (KIIFB) സാമ്പത്തിക സഹായത്തോടെ ആധുനിക മാർക്കറ്റുകൾ, അറവുശാലകൾ, ഗ്യാസ ക്രിമറ്റോറിയങ്ങൾ, ആധുനിക ഓഫീസ് കെട്ടിടങ്ങൾ എന്നിവ പ്രാദേശിക തലത്തിൽ നിർമ്മിക്കുന്നത് ഈ പദ്ധതി വഴിയാണ്.

2.<u>ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ (K-SMART)</u>

തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റലാക്കുന്നതിനുള്ള ഐ.ടി അടിസ്ഥാന സൗകര്യ വികസനമാണ് കെ-സ്മാർട്ട് (K-SMART). കെട്ടിട നിർമ്മാണ പെർമിറ്റുകൾ, ജനന-മരണ രജിസ്ട്രേഷനുകൾ നികുതി അടയ്ക്കൽ എന്നിവ ഓൺലൈൻ ആക്കുന്നതിലൂടെ ഓഫീസുകളുടെ പ്രവർത്തനക്ഷമതയും സേവനവേഗതയും വർദ്ധിപ്പിക്കാൻ ഈ സംവിധാനം സഹായിക്കുന്നു.തൊഴിലുറപ്പ് പദ്ധതികളിലൂടെയുള്ള ആസ്തി വികസനം

3.<u>കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)</u>

മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയവും ആധുനികവുമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF), ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ സ്ഥാപിക്കാൻ ഇത് വഴി സാധിക്കുന്നു.

4. <u>പാർപ്പിട അടിസ്ഥാന സൗകര്യങ്ങൾ (LIFE Mission)</u>

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ 'എല്ലാവർക്കും വീട്" എന്ന ലക്ഷ്യത്തിനായി ലൈഫ് മിഷൻ, പി.എം.എ.വൈ PMAY) എന്നിവ വിജയകരമായി നിർവ്വഹിച്ച് പോരുന്നു. ഭൂരഹിതർക്കും ഭവനരഹിതർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ (Housing Infrastructure) നിർമ്മിച്ച് നൽകുന്നതാണ് ഈ പദ്ധതികൾ.

5 . <u>സുസ്ഥിര നഗര വികസന പദ്ധതി (Sustainable Urban Development)</u>

നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന സംവിധാനങ്ങൾ (Sewerage), ഗതാഗത സൗകര്യങ്ങൾ, റോഡുകൾ, നടപ്പാതകൾ), പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളാണിത്.

6. <u>തൊഴിലുറപ്പ് പദ്ധതികളിലൂടെയുള്ള ആസ്തി വികസനം</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി MGNREGS), അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി ഗ്രാമ-നഗര പ്രദേശങ്ങളിൽ റോഡുകൾ, തോടുകൾ, കുളങ്ങൾ, മഴവെള്ള സംഭരണികൾ ഉടങ്ങിയ പ്രാദേശിക അടിസ്ഥാന പൊതു ആസ്തികൾ (Public Assets) സൃഷ്ടിക്കുന്നു.

ഈ പദ്ധതികൾക്ക് പുറമെ, പ്രാദേശിക റോഡുകളുടെയും പാലങ്ങളുടെയും

നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി തദ്ദേശ വകുപ്പിന് കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തന സജ്ജമാണ്.

**അനുബന്ധം (3)**

ജനന-മരണ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ അനുമതി, വ്യാപാര ലൈസൻസ്, പൊതുജന പരാതി പരിഹാരം തുടങ്ങിയ ഒട്ടനവധി അനിവാര്യ സേവനങ്ങൾ ഇപ്പോൾ ഓൺലൈൻ സംവിധാനമായ കെ-സ്മാർട്ടിലൂടെ ലഭ്യമാണ്.

സേവന വിതരണത്തിലെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി അത്യാധുനിക സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനങ്ങൾ, ഓൺലൈൻ അപേക്ഷാ പോർട്ടലുകൾ, അപേക്ഷകളുടെ നില തത്സമയം മനസ്സിലാക്കാനുള്ള ട്രാക്കിംഗ് സൗകര്യങ്ങൾ എന്നിവയും വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ, ഉദ്യോഗസ്ഥർക്കുള്ള സമയബന്ധിതമായ പരിശീലനം, പ്രവർത്തനങ്ങളുടെ കൃത്യമായ നിരീക്ഷണം, ഡാറ്റ അധിഷ്ഠിത ഭരണസംവിധാനം എന്നിവയിലൂടെ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമത വലിയ തോതിൽ ഉയർത്താൻ സാധിച്ചിട്ടുണ്ട്.

ഭരണപരമായ പരിഷ്കാരങ്ങൾക്കൊപ്പം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനും തുല്യ പ്രാധാന്യമാണ് നൽകുന്നത്. കുടിവെള്ള വിതരണം, ശുചിത്വം, റോഡുകളുടെ നവീകരണം, തെരുവ് വിളക്കുകൾ, മറ്റ് പൊതുസൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ വിപുലമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രത്യേകിച്ച്, ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിലൂടെയും ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും നഗര സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും കൂടുതൽ സുതാര്യവും വേഗതയേറിയതുമായ സേവന വിതരണം ജനങ്ങളിലേക്ക് എത്തിക്കാനും തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കുന്നുണ്ട്.

**അനുബന്ധം-4**

| ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | ലഭ്യമായ അവാർഡുകളുകളുടെ വിവരം | പ്രസ്തുത അവാർഡ് മാനദണ്ഡമാക്കിയിരിക്കുന്ന കാലയളവ് |
|---|---|---|---|
| **തിരുവനന്തപുരം** | കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | 1). National Quality Assurance Standards AWARD ( NQAS)-FHC)<br><br>2) NATIONAL AWARD<br><br>(KUDUMBASREE) | 1) 2021-22<br><br>2) 2018 |
| | ഇടവ ഗ്രാമപഞ്ചായത്ത് | നിർമ്മൽ പുരസ്കാരം | |
| | കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | നിർമ്മൽ പുരസ്കാരം | |
| | കരവാരം ഗ്രാമപഞ്ചായത്ത് | നിർമ്മൽ പുരസ്കാരം | |
| | മംഗലപുരം ഗ്രാമപഞ്ചായത്ത് | നിർമ്മൽ പുരസ്കാരം | |
| | മാണിക്കൽ ഗ്രാമപഞ്ചായത്ത് | Fourth National Water Awards | 2022 |
| | നെല്ലനാട് ഗ്രാമപഞ്ചായത്ത് | Department of drinking water supply Ministry of Rural Development | |
| | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | ദീനദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാർ | 2016-17, 2017-18, 2018-19 |
| | ജില്ലാ പഞ്ചായത്ത് | ദീനദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാർ | 2018, 2019, 2020, 2021, 2022 |

| | | | | |
|---|---|---|---|---|
| | കോർപ്പറേഷൻ | 1). ഇന്ത്യയിൽ ഏറ്റവും മികച്ച നഗരം അവാർഡ്<br><br>2). ഏറ്റവും ശുചിയായ നഗരം<br><br>3). ഇന്ത്യയിലെ 45 നഗരങ്ങളോട് മത്സരിച്ച് സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം ഒന്നാമതായി<br><br>4). 2016 - 17 സാമ്പത്തിക വർഷത്തെ ഏറ്റവും മികച്ച കോർപ്പറേഷനുള്ള മഹാനഗരപാലിക അവാർഡ് – 2017<br><br>5). കേന്ദ്ര പാർപ്പിട നഗരവികസന മന്ത്രാലയത്തിന്റെ സ്വച്ഛതാ എക്സലൻസ് അവാർഡ് – നഗരസഭയിലെ 4 എ.ഡി.എസുകൾക്ക് ലഭിച്ചു.-2018<br><br>6). ഭരണനിർവ്വഹണം ദേശീയതലത്തിൽ മൂന്നാം സ്ഥാനം ജനഗ്രഹ സെന്റർ ഫോർ സിറ്റിസൺ ഡെമോക്രസി – 2018<br><br>7) വികേന്ദ്രീകൃത മാലിന്യ സംസ്കരണരംഗത്തെ മികച്ച പ്രവർത്തനത്തിന് സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് ഏർപ്പെടുത്തിയ 4 LEAVES അവാർഡ് – 2018 | 1) 2016<br>2) 2016<br>3) 2017<br>4) 2017<br>5) 2018<br>6) 2018<br>7) 2018 | |

| | | | |
|---|---|---|---|
| | | | |
| | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | ദീനദയാൽ ഉപാധ്യായ് പഞ്ചായത്ത് സശാക്തീകരണ് പുരസ്കാർ | 2016-17, 2017-18, 2018-19 & 2019-2020 |
| **കൊല്ലം** | കൊല്ലം ജില്ലാ പഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ | 2016-17 |
| | ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ | 2018-19,<br>2020-21,<br>2021-22 |
| | ശൂരനാട്<br>നോർത്ത് ഗ്രാമപഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ | 2017-18 |
| | ശൂരനാട്<br>സൗത്ത് ഗ്രാമപഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ | 2019-20 |
| | മുഖത്തല ബ്ലോക്ക്<br>പഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ | 2018-19 |
| | പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | ദീൻ ദയാൽ ഉപാദ്ധ്യായസ ശാക്തീകരൺ പുരസ്കാർ<br>AGRISRI SRI RAJIVGANDHI NATIONAL BEST PANCHAYATH AWARD | 2022<br>2021 |
| **പത്തനംതിട്ട** | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് | നാഷണൽ ബയോ ഡൈവേഴ്സിറ്റി | 2018 |
| [illegible] | [illegible] | 1) swatcha sarvekshan award | 1) 2017-18, 2018-19 |

| | | | |
|---|---|---|---|
| ആലപ്പുഴ | ആലപ്പുഴ മുനിസിപ്പാലിറ്റി | 1). swatcha sarvekshan award<br><br>2). swatcha league national rank awarded by MOUH, innovational best practice award | 1). 2017-18, 2018-19, 2019-20, 2020-2021, 2021-2022, 2022-2023, 2023-2024.<br><br>2). 2022 |
| | ചേർത്തല | സ്വച്ചതാ സർട്ടിഫിക്കറ്റ് സ്വച്ഛ ഭാരത് മിഷൻ(ഗ്രാമീൻ) പദ്ധതി ആദരവ് ഹരിത ഓഫീസ് പുരസ്കാരം – എ ഗ്രേഡ് | 2020-21 |
| കോട്ടയം | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | സ്വച്ഛതാ മിഷൻ അവാർഡ് | 2019-20 |
| | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | MGNREGS | 2018-19 |
| | ആര്യാട് ഗ്രാമപഞ്ചായത്ത് | MGNREGS മഹാത്മാ അവാർഡ് | 2020-21 |
| | ബുധനൂർ ഗ്രാമപഞ്ചായത്ത് | 1) ഉപാദ്ധയായ സോശാക്തീകരൺ പുരസ്കാർ, MGNREGS നാഷണൽ അവാർഡ്,<br><br>2) ദീൻ ദയാൽ ഉപാദ്ധ്യായ സോശാക്തീകരൺ പുരസ്കർ | 1) 2018<br><br>2) 2016-17 |
| | കോട്ടയം നഗരസഭ | സ്വച്ഛത സർട്ടിഫിക്കററ് | 2018-19 |
| | പാലാ നഗരസഭ | അമൃത്പ്രോജക്ട്- ജലശക്തി അഭിയാൻ - അമൃത മഹോത്സവ് അവാർഡ് | 2021 |
| | ളാലം ബ്ലോക്ക് പഞ്ചായത്ത് | ദീൻദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് ശാക്തീകരൺ പുരസ്കാർ | 2020-21 |
| | ജില്ലാ ദാരിദ്ര്യ ലഘൂ | 1) National award in construction of structure | 1) 2018-19 |

| | | | |
|---|---|---|---|
| | കരണ വിഭാഗം | augmenting water harvesting under MGNREGA<br><br>2. Elets Water innovation Award | 2)2020 |
| **എറണാകുളം** | എറണാകുളം ജില്ലാ പഞ്ചായത്ത് | ദീൻദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് ശാക്തീരൺ പുരസ്കാർ | 2016 |
| | പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ദീൻദയാൽഉപാദ്ധ്യായ് പഞ്ചായത്ത്<br><br>ശാക്തീകരൺ പുരസ്കാർ | 2015-16 |
| **തൃശ്ശൂർ** | അളഗപ്പ നഗർ ഗ്രാമ പഞ്ചായത്ത് | നാഷണൽ പഞ്ചായത്ത് അവാർഡ് | 2021-22 |
| | എടവിലങ്ങ് ഗ്രാമപഞ്ചായത്ത് | GPDP അവാർഡ് | 2019-20 |
| | കൊടകര ഗ്രാമപഞ്ചായത്ത് | നാഷണൽ പഞ്ചായത്ത് അവാർഡ്<br><br>(നാനാജി ദേശമുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാർ) | 2019-20 |
| | കോലഴി ഗ്രാമപഞ്ചായത്ത് | CHILD FRIENDLY GRAMAPANJAYAT AWARD | 2017-18 |
| | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | (നാനാജി ദേശമുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാർ)<br><br>DEEN DAYAL UPADHYAY PANJAYAT SATAT VIKAS PURASKAR<br><br>PANJAYATH SAKTHIKARAN PURASKAR | 2021<br><br>2020 |

| | | | |
|---|---|---|---|
| | | | 2017-18 |
| **പാലക്കാട്** | എലപ്പുള്ളി ഗ്രാമപഞ്ചായത്ത് | NATIONAL WATER AWARDS | 2020 |
| | മുതലമട<br>ഗ്രാമ പഞ്ചായത്ത് | ക്ഷോണി രത്ന അവാർഡ് | |
| | വടക്കാഞ്ചേരി<br>ഗ്രാമപഞ്ചായത്ത് | ആയുഷ് NABH അംഗീകാരം അനുമോദനം | 2024 |
| | ശ്രീകൃഷ്ണപുരം<br>ബ്ലോക്ക് പഞ്ചായത്ത് | ദീൻ ദയാൽ ഉപാധ്യായ്<br>പുരസ്കാരം | 2015-16, 2016-17, 2017-18, 2019-20 |
| **വയനാട്** | മീനാങ്ങാടി ഗ്രാമപഞ്ചായത്ത് | ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റി അവാർഡ്<br>ബി.എം.സി നാഷണൽ (ബെസ്റ്റ് മാനേജ്മെന്റ് കമ്മറ്റി) കേരള അവാർഡ് | 2018 |
| | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | നിർമ്മൽ പുരസ്കാരം അവാർഡ് | 2018-19 |
| **കണ്ണൂർ** | കരിവെള്ളൂർ,<br>പെരളം ഗ്രാമപഞ്ചായത്ത് | ദേശീയ ശിശുസൗഹൃദ അവാർഡ്<br>നാനാജിദേശ്മുഖ്<br>രാഷ്ട്രീയ ഗൌരവ് ഗ്രാമപുരസ്കാരം | 2019-20<br>2020-21 |
| | പേരാവൂര് ഗ്രാമ പഞ്ചായത്ത് | ചൈൽഡ് ഫ്രണ്ട്ലി<br>ഗ്രാമപഞ്ചായത്ത് | 2018-19 |
| | പാപ്പിനിശ്ശേരി<br>ഗ്രാമപഞ്ചായത്ത് | GPDP AWARD<br>Deendayal upadhya panjayath saktheekaranam pur | 2018-2019<br>2019-2020 |

| | | | |
|---|---|---|---|
| | | askar-2020<br><br>GPDP AWARD<br><br>Deendayal upadhya panjayath saktheekaranam puraskar-2022 | <br><br><br><br>2020-21<br><br>2020-21 |
| | കതിരൂര് ഗ്രാമപഞ്ചായത്ത് | KAYAKALP<br><br>KASH<br><br>NQAS | 2019<br><br>2018-2019<br><br>2019-20 |
| | പടിയൂര് ഗ്രാമപഞ്ചായത്ത് | സ്വച്ഛ് ഭാരത് പുരസ്കാർ | 2018-19 |
| **കാസർഗോഡ്** | അജാനൂർ<br><br>ഗ്രാമപഞ്ചായത്ത് | Organic farming and good agriculture practice scheme | 2020-21 |
| | കയ്യൂർ-ചീമേനി<br><br>ഗ്രാമപഞ്ചായത്ത് | കായകൽപം<br><br>NQAS | 2018-19<br><br>2019 |
| | കോടോം-ബേളൂർ<br><br>ഗ്രാമപഞ്ചായത്ത് | KASH AWARD<br><br>NQAS | 2021-2022<br><br>2022 |
| | ഉദുമ<br><br>ഗ്രാമപഞ്ചായത്ത് | KASH AWARD<br><br>NQAS<br><br>KAYAKALP | 2019-20<br><br>2021<br><br>2024 |
| | വലിയപറമ്പ<br><br>ഗ്രാമപഞ്ചായത്ത് | കായകല്പം | 2018 |